പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം 29 | 28/11/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**<u>മലിനമായ കുപ്പിവെള്ളത്തിന്റെ വിതരണം</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ഉബൈദുള്ള<br>,, എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പി വെള്ളത്തിൽ ഇ-കോളി, കോളിഫോം ബാക്ടീരിയ, ഫംഗസ്, പൂപ്പൽ എന്നിവയുടെ സാന്നിദ്ധ്യം ഉള്ളതായി ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് വില്പന നടത്തുന്ന 2 ബ്രാൻഡ് കുപ്പി വെള്ള സാമ്പിളുകളിൽ ഇ- കോളിയുടെ സാന്നിദ്ധ്യവും 5 ബ്രാൻഡ് കുപ്പിവെള്ള സാമ്പിളുകളിൽ ബാക്ടീരിയയുടെ സാന്നിദ്ധ്യവും 13 ബ്രാൻഡ് കുപ്പിവെള്ള സാമ്പിളുകളിൽ ഫംഗസ്, പൂപ്പൽ, ഈസ്റ്റ് എന്നിവയുടെ സാന്നിദ്ധ്യവും ഭക്ഷ്യസുരക്ഷാവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലാബുകളിൽ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ഇത്തരം വെള്ളം കുടിച്ചാൽ ഗുരുതരമായ വയറിളക്കവും മഞ്ഞപ്പിത്തവും ബാധിക്കുന്നതിന് സാധ്യതയുണ്ടോ; | ബി) | ഉണ്ട്. |
| സി) | പ്രസ്തുത ഉൽപന്നങ്ങൾ വിറ്റഴിക്കുന്നത് തടയുന്നതിനും കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | സി) | ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്താത്ത കമ്പനികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനാരോഗ്യത്തെ ബാധിക്കുന്ന വിഷയമായതിനാൽ കുപ്പിവെള്ള നിർമ്മാണ, വിതരണ, വിപണന കേന്ദ്രങ്ങളിൽ കൃത്യമായ പരിശോധനകൾ എല്ലായ്പ്പോഴും നടത്തിവരുന്നുണ്ട്. പ്രളയം പോലുള്ള പ്രകൃതിക്ഷോഭങ്ങൾ, വേനൽ കാലം, ജലജന്യ രോഗങ്ങൾ പടർന്നു പിടിക്കാൻ സാധ്യതയുള്ള സമയങ്ങൾ എന്നീ കാലഘട്ടങ്ങളിൽ പ്രത്യേക പരിശോധനകൾ ഈ വിഷയത്തിൽ നടത്താറുണ്ട്. സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതിയിൽ പഞ്ചായത്തുകളിൽ ലഭിക്കുന്ന കുപ്പിവെള്ളവും, കുടിവെള്ളവും, കിണർ ജലവും പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്മസ്, ശബരിമല മണ്ഡല മകരവിളക്ക് മഹോൽസവം, തൃശ്ശൂർ പൂരം, ആറ്റുകാൽ പൊങ്കാല, സ്കൂൾ കലോൽസവം, |

| | | | |
|---|---|---|---|
| | | | കായിക മൽസരങ്ങൾ തുടങ്ങിയ സമയങ്ങളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്താറുണ്ട്. പ്രസ്തുത പരിശോധനകളിൽ, ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 നിഷ്കർഷിക്കുന്ന ഗുണനിലവാരം ഇല്ലെന്നും ആരോഗ്യത്തിനു ഹാനികരമാണെന്നും കണ്ടെത്തിയാൽ ക്രിമിനൽ പ്രോസിക്യൂഷനും, നിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയാൽ അഡ്ജ്യൂഡിക്കേഷൻ ഉൾപ്പടെയുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ